**പതിനാലാം കേരള നിയമസഭ**
**പതിനാറാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ : 1629

01.11.2019 ൽ മറുപടിയ്ക്ക്

## തദ്ദേശസ്ഥാപനങ്ങളുടെ വിഭജനം

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.എൻ .എ.നെല്ലിക്കുന്ന് :** | | **ശ്രീ. എ.സി. മൊയ്തീൻ** (തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി ) | |
| (എ) | പഞ്ചായത്തുകൾ ഉൾപ്പെടെയുള്ള തദ്ദേശസ്ഥാപനങ്ങൾ വിഭജിച്ച് പുതിയവ രൂപീകരിക്കാൻ തീരുമാനച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ; | (എ) & (ബി) | കേരളത്തിൽ രൂപീകരിക്കുവാൻ കഴിയുന്ന പുതിയ ഗ്രാമ പഞ്ചായത്തുകളുടെയും അതിർത്തി പുനർനിർണ്ണയിക്കേണ്ട ഗ്രാമ/ബ്ലോക്ക് പഞ്ചായത്തുകളുടെയും സാധ്യത പട്ടിക, തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ തയ്യാറാക്കി സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത പട്ടിക സർക്കാർ പരിശോധിച്ചുവരുന്നു. |
| (ബി) | എങ്കിൽ ഏതെല്ലാം തദ്ദേശ സ്ഥാപനങ്ങളാണ് വിഭജിക്കുന്നതെന്നും പുതിയവ എത്രയെണ്ണം നിലവിൽ വരുമെന്നും അവയുടെ പേരുകൾ എന്തൊക്കെയാണെന്നും ജില്ല തിരിച്ച് വ്യക്തമാക്കാമോ; | | |
| (സി) | നിലവിലുള്ള തദ്ദേശസ്ഥാപനം വിഭജിച്ച് പുതിയത് രൂപീകരിക്കുന്നതിനുള്ള മാനദണ്ഡം എന്താണെന്ന് വ്യക്തമാക്കാമോ; | (സി) | പുതിയ ഗ്രാമപഞ്ചായത്തുകൾ രൂപീകരിക്കുന്നതിന് നിശ്ചയിച്ചിട്ടുള്ള മാനദണ്ഡം ചുവടെ ചേർക്കുന്നു.<br>1. 27,430 ൽ അധികം ജനസംഖ്യ<br>2. 32 ച.കി. മീറ്ററിലധികം വിസ്തീർണ്ണം<br>3. 50 ലക്ഷം രൂപയിൽ അധികം തനതു വരുമാനം<br>4. ജനസംഖ്യ, ഭൂവിസ്തൃതി എന്നിവയ്ക്ക |

| | | | |
|---|---|---|---|
| | | | പുറമേ പ്രദേശത്തിന്റെ ഭൂമിശാസ്ത്രപരമായ പ്രത്യേകതകൾ.<br>5. മെച്ചപ്പെട്ട സേവനം ലഭ്യമാക്കുന്നതിനുള്ള സൗകര്യം.<br>6. ഒരു ഗ്രാമപഞ്ചായത്ത് വിഭജിച്ചോ, രണ്ടോ അതിലധികമോ ഗ്രാമപഞ്ചായത്തുകളുടെ ഭാഗങ്ങൾ കൂട്ടിച്ചേർത്തോ, വലുപ്പത്തിലും ജനസംഖ്യയിലും തുല്യത പുലർത്തുന്ന (20% കൂടുതലോ കുറവോ) പുതിയ ഗ്രാമപഞ്ചായത്ത് രൂപീകരിക്കുന്നതിനുള്ള സാധ്യത.<br>7. ഭരണപരമായ സൗകര്യം. |
| (ഡി) | നിലവിലുള്ള ഒരു തദ്ദേശസ്ഥാപനം വിഭജിച്ച് പുതിയത് രൂപീകരിക്കുമ്പോൾ ഉണ്ടായേക്കാവുന്ന ചെലവ് എത്രയാണെന്ന് വ്യക്തമാക്കാമോ? | (ഡി) | നിലവിലുള്ള തദ്ദേശസ്ഥാപനം വിഭജിച്ച് പുതിയത് രൂപീകരിക്കുന്നത് സംബന്ധിച്ച അന്തിമ തീരുമാനം ഇതുവരെ കൈക്കൊണ്ടിട്ടില്ലാത്തതിനാൽ ചെലവ് കണക്കാക്കിയിട്ടില്ല. |

**സെക്ഷൻ ഓഫീസർ**